## എട്ടാം ദിവസം

# വലിയനോമ്പ് 2017 – ആത്മീയചിന്ത ശകലങ്ങൾ

കുഷ്ഠരോഗി യേശുവിന്റെ അടുത്ത് വന്നിട്ട് മുട്ടുകുത്തി യേശുവിനോട് പറയുന്നത്, 'യേശുവിന് മനസ്സുണ്ടെങ്കിൽ ശുദ്ധമാക്കുവാൻ കഴിയുമെന്നാണ്'. മനസ്സുണ്ടാകണം ശുദ്ധമാകുവാൻ, ശുദ്ധമായാൽ മനസ്സിലുണ്ടാകും. ഓരോ ആത്ഭുതത്തിന്റെയും സൗഖ്യത്തിന്റെയും അടിസ്ഥാനം കർത്താവിന്റെ മനസ്സാണ്. അതിന് ശുദ്ധീകരണം അവശ്യമെന്ന് കുഷ്ഠരോഗി തിരിച്ചറിഞ്ഞു, നമ്മളോ? സൃഷ്ടികളായ നമ്മുടെ ഓരോരുത്തരുടെയും മനസ്സുകൾ സൃഷ്ടാവിന്റെ മനസ്സുമായി ഒന്നായി ചേരുമ്പോൾ ഉണ്ടാകുന്ന ആത്മീയപകർച്ചയിലാണ് ഇവിടെ കുഷ്ഠരോഗിക്ക് സൗഖ്യം ലഭിക്കുന്നത്. യേശുവിനെക്കുറിച്ചുള്ള കുഷ്ഠരോഗിയുടെ അഗാധമായ അറിവ് അഭിനന്ദനിയമാണ്. മുട്ടകുത്തി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞതിൽ എത്ര വലിയ പാപിയാണെങ്കിലും കർത്താവ് അവനെ ചേർത്തുകൊള്ളുന്നു. ഈ നോമ്പുകാലത്ത്, നമ്മുടെ ശാപപാപങ്ങളെ ഒന്നു വിചിന്തനം ചെയ്തു, കർത്താവിന്റെ മുമ്പിൽ മുട്ടുകുത്തി, അടിയങ്ങളോട് മനസ്സ് തോന്നണമേയെന്ന് അപേക്ഷിക്കാം. കർത്താവിന്റെ മനസ്സു തുറന്ന് നമുക്ക് ആത്മീയസൗഖ്യം നൽകി ശുദ്ധീകരണം പ്രാപിക്കുവാൻ എല്ലാവർക്കും കഴിയട്ടെയെന്നു ആശംസിക്കുന്നു. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

പ്രാർത്ഥനയോടെ,

ബിജോയ് ശാമുവേൽ അബുദാബി